മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മല്ലി, മളക് ഇവ കൊണ്ടുവരുന്നതിനു് ബങ്കാളിൽ കൺട്രോൾ ഇല്ലെന്നറിയാം.

(ബി) മല്ലിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൺട്രോൾ നിലവിലില്ല. മളകിന്റെ കൺട്രോൾ നീക്കം ചെയ്യുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

PEONS IN THE TEXTILE DEPARTMENT

307. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ടെക്സ്റ്റൈൽ ഡിപ്പാർട്ട്മെണ്ടിൽ ശിപായിമാരായി എത്രപേരെ ക്ര ക്ര ചുമതൽ നിയമിച്ചിട്ടുണ്ടു്.

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) രണ്ടു്.

(ബി) ക്ര. കുസ്സ്രൻ (temporary) ക്ര.
ഡ. ഇഴവ (officiating for one month) ക്ര.

LICENSE FOR HAND-LOOM INDUSTRY

308. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലത്തു ഇല്ലക്കളത്തു വീട്ടിൽ അയ്യപ്പൻ കൃഷ്ണൻകുട്ടി കൈത്തറി നെയ്ത്തു വ്യവസായത്തിനുള്ള ലൈസൻസിനുവേണ്ടി അപേക്ഷ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണു് അപേക്ഷ അയച്ചതു്;

(ബി) ലൈസൻസു് അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു് ലൈസൻസു് കൊടുക്കാതിരുന്നതു്;

(ഡി) ടിയാൻ അപേക്ഷ അയച്ചതിൽപിന്നെ ലൈസൻസ്സിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എത്രപേർക്കു് ലൈസൻസ്സുകൾ കൊടുത്തിട്ടുണ്ടു്;

(ഇ) അതു് ആരൊക്കെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ലൈസൻസ്സിനു് അപേക്ഷിച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

TEXT BOOKS FOR STUDENTS—DETAILS REGARDING

309. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നിശ്ചിത വിലയോടുകൂടിയ പാഠപുസ്തകം കിട്ടണമെങ്കിൽ അതോടൊപ്പം വില നിയന്ത്രിച്ചിട്ടില്ലാത്ത നോട്ടു പുസ്തകങ്ങൾകൂടി വാങ്ങണമെന്നു തൃശ്ശിവപേരൂരിലെ ഒരു പുസ്തക വ്യാപാരി നിർബ്ബന്ധിച്ചിരുന്നതായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടിയാണു് എടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly